**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5275** **05-07-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ജൈവ കൃഷി വികസപ്പിക്കുന്നതിനും ജൈവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് മുഖാന്തിരം ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും പദ്ധതി, ഭാരതീയ പ്രകൃതി കൃഷി പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾക്കായി 2023-24 സാമ്പത്തിക വർഷം 605750/- രൂപ കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ചിലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിൽ ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | മണ്ഡലത്തിലെ ജൈവ കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കുക, ബ്രാൻഡിൽ വില്പന നടത്തുവാൻ സഹായിക്കുക എന്നിവ ലക്ഷ്യമിട്ട് പൂർണ്ണമായും ജൈവകൃഷിചെയ്യുന്ന കർഷകർക്ക് വകുപ്പ് സഹായത്തോടെ അന്തരാഷ്ട്ര നിലവാരമുള്ള ജൈവ സർട്ടിഫിക്കേഷൻ (വിദേശ കയറ്റുമതിക്ക് സാധ്യമാകുന്ന) ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കർഷകരുടെ ഉത്പന്നങ്ങൾ മെച്ചപ്പെട്ട വില നൽകി സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും കിഴക്കമ്പലം പഞ്ചായത്തിൽ എല്ലാ ചൊവ്വാഴ്ചകളിലും വകുപ്പ് മുഖാന്തിരം സ്ഥാപിച്ച എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്റർ വിപണി പ്രവർത്തിച്ചുവരുന്നു. കൂടാതെ കുന്നത്തുനാട് മണ്ഡലത്തിലെ ഐക്കരനാട്,മഴുവന്നൂർ,പുത്തൻകുരിശ് പഞ്ചായത്തുകളിൽ കൃഷി ഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളും ഐക്കരനാട്, മഴുവന്നൂർ, പൂതൃക്ക, വാഴക്കുളം എന്നീ പഞ്ചായത്തുകളിൽ കൃഷി ഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ആഴ്ച ചന്തകളും, മഴുവന്നൂർ, തിരുവാണിയൂർ പഞ്ചായത്തുകളിലായി VPFCK നേതൃത്വത്തിൽ ആരംഭിച്ച സമിതി വഴിയും |

| | | | |
|---|---|---|---|
| | | | കർഷകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തി വരുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl No. | പഞ്ചായത്ത്/ കൃഷി ഭവന്റെ പേര് | പ്രൊജക്റ്റ് അധിഷ്ഠിത ജൈവവള നിർമാണ യൂണിറ്റ് | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് | പച്ചിലവളങ്ങളുടെ വിത്ത് വിതരണം | ജൈവ കർഷകർക്കുള്ള ധനസഹായം | ജൈവ കർഷകർക്കുള്ള പരിശീലന പരിപാടികൾക്കായി ചിലവഴിച്ച തുക | ജൈവ കൃഷി മാതൃക തോട്ടങ്ങൾ | പരമ്പരാഗത വിത്തിനിങ്ങളുടെ സംരക്ഷണതോട്ടം ഒരുക്കുന്നതിനായി ചിലവഴിച്ച തുക | ജൈവ വളങ്ങളുടെ ചെറുകിട നിർമാണ യൂണിറ്റുകൾ |
|---|---|---|---|---|---|---|---|---|---|
| 1 | വാഴക്കുളം | 10000 | 30000 | 12500 | 149000 | 19000 | 28000 | 6000 | 15000 |
| 2 | കിഴക്കമ്പലം | 10000 | | 12500 | 0 | 12000 | 12000 | 4000 | 0 |
| 3 | പൂതൃക്ക | | | 2500 | 0 | 6000 | 27600 | 6000 | 0 |
| 4 | തിരുവാണിയൂർ | | | 5500 | 48000 | 6000 | 24000 | 6000 | 0 |
| 5 | പുത്തൻകുരിശ് | | | 0 | 0 | 3500 | 21200 | 2000 | 0 |
| 6 | മഴുവന്നൂർ | | | 7750 | 0 | 6000 | 30000 | 6000 | 0 |
| 7 | ഐക്കരനാട് | | | 2500 | 0 | 6000 | 30000 | 6000 | 0 |
| 8 | കുന്നത്തുനാട് | 0 | | 0 | 0 | 6000 | 23200 | 4000 | 0 |
| | **Total** | **20000** | **30000** | **43250** | **197000** | **64500** | **196000** | **40000** | **15000** |